പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279 | 20.06.2014 ൽ മറുപടിയ്ക്ക് |
|---|---|
| **സമഗ്ര പോഷകാഹാര നയം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. ജോസഫ് വാഴക്കൻ<br>,, സി .പി. മുഹമ്മദ്<br>,, ബെന്നി ബെഹനാൻ<br>,, വി.ഡി. സതീശൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനും പോഷക ഗുണമുള്ള ആഹാരപദാർത്ഥങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ആരോഗ്യ സംരക്ഷണ ത്തിനുമായി സംസ്ഥാന പോഷകാഹാര നയം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) സംസ്ഥാനത്ത് പോഷകാഹാരക്കുറവ്, അനീമിയ, വൈറ്റമിൻ 'എ' എന്നിവയുടെ അഭാവം, ഗർഭിണികളുടെ തൂക്കക്കുറവ്, അമിതമായ പോഷകാഹാരം, പൊണ്ണത്തടി, കൗമാരപ്രായക്കാരിലും പ്രായമായവരിലും കാണുന്ന പോഷകാഹാരക്കുറവ്, എസ്.സി/ എസ്.ടി ജനവിഭാഗങ്ങളിലെ പോഷണ ക്കുറവുകൾ തുടങ്ങിയവ പരിഹരിക്കുന്നതിനും സാമൂഹിക സുരക്ഷ, പോഷകാഹാരം ലഭിക്കുന്നതിനുള്ള അവകാശ സംരക്ഷണം, സ്ത്രീകളിൽ പ്രത്യേകിച്ച് ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും പോഷണനിലവാരം, ആരോഗ്യം എന്നിവ മെച്ചപ്പെടുത്തുക മുതലായവ ലക്ഷ്യമാക്കിയാണ് സംസ്ഥാന പോഷകാഹാര നയം നടപ്പിലാക്കുന്നത്. അംഗൻവാടികൾ വഴി 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും, കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും അനുപൂരക പോഷകാഹാരം നൽകി വരുന്നു. കുട്ടികളുടെ പോഷകാഹാരക്കുറവ് കണ്ടെത്തുന്നതിന് ലോകാരോഗ്യസംഘടന (WHO) യുടെ പുതിയ മാനദണ്ഡമനുസരി ച്ചുള്ള ഗ്രോത്ത് ചാർട്ട് ഉപയോഗിക്കുന്നതിന് അംഗൻവാടി വർക്കർമാർക്ക് പരിശീലനം നൽകുകയും കൃത്യമായി കുട്ടികളുടെ തൂക്കം എടുത്ത് പോഷകാഹാരക്കുറവ് കണ്ടെത്തുക യും പോഷകാഹാരക്കുറവ് ഉള്ളവർക്ക് അധിക പോഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. അംഗൻവാടി ഗുണഭോക്താക്കൾക്ക് നൽകി ക്കൊണ്ടിരിക്കുന്ന ജനറൽ ഫീഡിംഗിനു പുറമേ |

| | |
|---|---|
| | പാൽ,മുട്ട,പഴം എന്നിവയും അംഗൻവാടികളിൽ നിന്നും നൽകുന്നുണ്ട്. |
| (സി) പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിനോട് നിർദ്ദേശിക്കുമോ ; | (സി) പോഷകാഹാരത്തിന്റെ പ്രാധാന്യം, സമീകൃതാഹാരം, അവയുടെ ലഭ്യത, ഇവയുടെ വിശദാംശങ്ങൾ അതത് ക്ലാസ്സുകൾക്കനുസരിച്ച് ശാസ്ത്ര പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. |
| (ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തി നായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏതു രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശി ക്കുന്നത്? | (ഡി) അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിലെ ഭക്ഷണ വിതരണം ബന്ധപ്പെട്ട പഞ്ചായത്തു കൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതാത് പഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഓരോ മേഖലകളിലെയും വിവിധ ഭക്ഷണ ക്രമങ്ങൾ അനുസരിച്ചും പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. അതാത് പഞ്ചായത്തുകൾ ആണ് അംഗൻവാടികളിലെ ഭക്ഷണക്രമം തീരുമാനിക്കുന്നത്. ഏതു തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ നൽകിയാലും കേന്ദ്ര സർക്കാരിന്റെ നോംസ് അനുസരിച്ചുള്ള പോഷക മൂല്യങ്ങൾ അടങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**